**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **01-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അവസാനമായി പെൻഷൻ ആനുകൂല്യം വിതരണം ചെയ്തത് എന്നാണ് ; നിലവിൽ എത്ര മാസത്തെ കുടിശിക ഉണ്ടെന്നും എത്ര രൂപയാണ് ഈ ഇനത്തിൽ വിതരണം ചെയ്യാനുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും 2023 ഡിസംബർ മാസത്തിൽ 2023 ജനുവരി മാസത്തെ പെൻഷൻ വിതരണം നടത്തിയിരുന്നു. നിലവിൽ 11 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. 2023 ഫെബ്രുവരി മാസം മുതൽ 2023 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തുന്നതിന് ഏകദേശം 649 കോടി രൂപ ആവശ്യമായുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങി കൊണ്ടിരുന്ന എത്ര പേരെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; ഇപ്രകാരം ഒഴിവാക്കപ്പെട്ടവർ ക്ഷേമനിധിയിൽ അംശദായം അടച്ചിരുന്നവരാണോ; ആണെങ്കിൽ പെൻഷൻ നിഷേധിക്കപ്പെടാൻ ഉള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ 34,608 പേരെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ബോർഡിൽ കൃത്യമായി അംശദായം അടച്ചിരുന്നവർക്കാണ് പെൻഷൻ അനുവദിക്കുന്നത്. മസ്റ്ററിംഗ് പൂർത്തിയാക്കാതിരിക്കൽ, ലൈഫ് സർട്ടിഫിക്കറ്റ് കൃത്യ സമയത്തു സമർപ്പിക്കാതിരിക്കൽ, മറ്റു ബോർഡു കളിൽ നിന്നും പെൻഷൻ ലഭിക്കൽ, മറ്റ് പെൻഷൻ വാങ്ങുന്നതിനുവേണ്ടി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ പെൻഷൻ വേണ്ടായെന്ന് അപേക്ഷ സമർപ്പിക്കൽ, അംഗം മരണപ്പെടുക എന്നിവയാണ് പെൻഷൻ നൽകാതിരുന്നതിനുള്ള കാരണം. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ ഒഴികെയുള്ള മറ്റ് സഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങളുടെ കുടിശിക വിതരണം ചെയ്യുന്നതിനായി എത്ര തുക ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പെൻഷൻ ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ബോർഡിൽ നിന്നും വിതരണം ചെയ്തു വരുന്നുണ്ട്. ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 31.12.2023 വരെ ആകെ 807643250/- രൂപ വിതരണം ചെയ്യാനുണ്ട്. |

സെക്ഷൻ ഓഫീസർ